**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ സെക്രട്ടറിയുടെ നടപടി ഉത്തരവ്**
**(ഹാജർ : എ.സന്തോഷ് )**

വിഷയം :- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ -പൊതു തിരഞ്ഞെടുപ്പ് 2020 - തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്നവർക്ക് പോസ്റ്റൽ ബാലറ്റ് അനുവദിക്കുന്നത് സംബന്ധിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 12/11/2020 ലെ 308/2020/സം.തി.ക മുതൽ 311/2020/സം.തി.ക നമ്പർ വിജ്ഞാപനങ്ങൾ.

നം.ബി1/33870/2020/സം.തി.ക തീയതി:01.12.202

**<u>ഉത്തരവ്</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെയും 1994 ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെയും ചട്ടം 21 പ്രകാരം തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഒരു സമ്മതിദായകൻ, തിരഞ്ഞെടുപ്പിൽ തപാൽ മാർഗ്ഗം വോട്ടുചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ വോട്ടെടുപ്പ് തീയതിക്ക് ഏറ്റവും കുറഞ്ഞത് ഏഴുദിവസത്തിനോ അല്ലെങ്കിൽ വരണാധികാരി അനുവദിക്കുന്ന അങ്ങനെയുള്ള കുറഞ്ഞ കാലാവധിക്കോ മുമ്പ് ലഭിക്കത്തക്കവിധത്തിൽ 15 -ാം നമ്പർ ഫാറത്തിൽ ഒരു അപേക്ഷ വരണാധികാരിക്ക് അയക്കേണ്ടതും അപേക്ഷകൻ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഒരു സമ്മതിദായകനാണെന്ന് വരണാധികാരിക്ക് ബോധ്യപ്പെടുന്ന പക്ഷം അയാൾക്ക് ഒരു പോസ്റ്റൽ ബാലറ്റ് പേപ്പർ നൽകേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ഒഴികെയുള്ള മറ്റ് തിരഞ്ഞെടുപ്പ് ജോലികളിൽ നിയോഗിക്കപ്പെടുന്നവർക്ക് അവരുടെ സ്വന്തം പോളിംഗ് സ്റ്റേഷനിൽ നേരിട്ട് പോയി വോട്ട് ചെയ്യുന്നതിന് കഴിയാത്ത സാഹചര്യമുണ്ടെന്നും അതിനാൽ പ്രസ്തുത ജീവനക്കാർക്ക് കൂടി പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ അനുവദിക്കണമെന്നും ജീവനക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

3. മേൽ വിവരിച്ച സാഹചര്യത്തിൽ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഓഫീസർമാർക്ക് പുറമെ, പോളിംഗ് ദിവസം തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷനിലെ മുഴുവൻ ജീവനക്കാർക്കും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസുകളിലെയും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലെയും ഇലക്ഷൻ വിഭാഗം ജീവനക്കാർക്കും വരണാധികാരി ഉപവരണാധികാരി എന്നിവരുടെ ഓഫീസുകളിലെ ഇലക്ഷൻ വിഭാഗം ജീവനക്കാർക്കും ഒബ്സർവർമാർ, സെക്ടറൽ ഓഫീസർമാർ, ആന്റിഡിഫെയ്സ്മെന്റ് സ്ക്വാഡിലെ ഉദ്യോഗസ്ഥർ തിരഞ്ഞെടുപ്പ് ഡ്യൂട്ടികളിൽ നിയോഗിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്കും അവർ നിശ്ചിത ഫാറത്തിലും സമയത്തിലും ആവശ്യപ്പെടുന്ന പക്ഷം പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ നൽകേണ്ടതാണെന്ന് എല്ലാ വരണാധികാരികളോടും നിർദ്ദേശിച്ച് ഉത്തരവാകുന്നു.

4. മേൽപ്പറഞ്ഞ പ്രകാരം തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ ഏർപ്പെടുന്ന ജീവനക്കാരെ അതിലേക്ക് നിയോഗിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, ജില്ലാ

പോലീസ് മേധാവികൾ, വരണാധികാരികൾ എന്നിവർ യഥാസമയം ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

എ.സന്തോഷ്
സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർ
എല്ലാ വരണാധികാരികൾക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:-

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
പബ്ലിക് റിലേഷൻസ് ഓഫീസർ
സ്റ്റാന്റിംഗ് കൗൺസിൽ
കമ്മീഷണറുടെ പി.എസ്/ സെക്രട്ടറിയുടെ സി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : 0471-2325048 (Administration), 2337884 (Election)
e-mail:cru.sec@kerala.gov.in, electionker@gmail.com

website:www.sec.kerala.gov.in